III ഇ.ബി..XII-കേരള നിയമസഭ/I-5

**പന്ത്രണ്ടാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നിയമസഭാ നടപടികളുടെ ചുരുക്കം**

**2006 ജൂൺ 20, ചൊവ്വ**

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## 1 ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ രണ്ടെണ്ണം (*24 & *25) സഭയിൽ ഉന്നയിക്കപ്പെടുകയും അവയ്ക്ക് ബന്ധപ്പെട്ട വകുപ്പുമന്ത്രി മറുപടി നൽകുകയും ചെയ്തു.

## II. അടിയന്തിരപ്രമേയം

മൈത്രിഭവന പദ്ധതിയിലെ ക്രമക്കേടുകൾ സംബന്ധിച്ച് ആരോപണ വിധേയനായ മരാമത്തു വകുപ്പുമന്ത്രിയെ മാറ്റിനിർത്തി അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് 19–6–2006–ന് നിയമസഭാ മാർച്ച് നടത്തിയ യൂത്ത് കോൺഗ്രസ് പ്രവർത്തകരേയും നേതാക്കളേയും ലാത്തി.ച്ചാർജ് നടത്തിപരിക്കേൽപ്പിച്ച് ആശുപത്രിയിലാക്കിയതി നെത്തുടർന്ന് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. സി. വേണുഗോപാലും മറ്റ്

നാലംഗങ്ങളും നൽകിയ അടിയന്തിരപ്രമേയത്തിന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും മറ്റ് കക്ഷിനേതാക്കളും പ്രസ്താവന നടത്തിയശേഷം ഒന്നടങ്കം വാക്കൗട്ട് നടത്തി.

## III. ഡെപ്യൂട്ടി സ്പീക്കർ തെരഞ്ഞെടുപ്പ്:

സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, സി. ദിവാകരൻ, . പി. ജെ. ജോസഫ്, എൻ. കെ. പ്രേമചന്ദ്രൻ എന്നിവർ നിർദ്ദേശിച്ച് സർവ്വശ്രീ പി. സി. ജോർജ്, മാത്യൂ ടി. തോമസ്, കെ. പി. രാജേന്ദ്രൻ, എ.കെ. ശശീന്ദ്രൻ എന്നിവർ പിൻതാങ്ങി ശ്രീ . ജോസ് ബേബിയുടേയും, സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ. സി. വേണുഗോപാൽ, കെ. സി. ജോസഫ് എന്നിവർ നിർദ്ദേശിച്ച് സർവ്വശ്രീ കെ. കുട്ടി അഹമ്മദ് കുട്ടി, തോമസ് ചാഴികാടൻ, ജോസഫ് എം. പുതുശ്ശേരി എന്നിവർ പിൻതാങ്ങി ശ്രീ. യു. സി. രാമന്റേയും പേരിൽ രണ്ട് പത്രികകൾ ഡെപ്യൂട്ടി സ്പീക്കർ സ്ഥാനത്തേക്ക് മൽസരിക്കുന്നതിന് ലഭിക്കുകയും വോട്ടെടുപ്പിലൂടെ 41-നെതിരെ 94 വോട്ടുകളോടെ ഡെപ്യൂട്ടി സ്പീക്കർസ്ഥാനത്തേക്ക് ശ്രീ. ജോസ് ബേബിയെ തെരഞ്ഞെടുക്കുകയും ചെയ്തു.

(ശ്രീ. മത്തായി ചാക്കോ, ശ്രീ. ജോസ് തെറ്റയിൽ എന്നീ അംഗങ്ങൾ സഭയിൽ ഹാജരായിരുന്നില്ല. ശ്രീ. ജോസ് ബേബിയും ശ്രീ. യു. സി. രാമനും വോട്ടിംഗിൽ പങ്കെടുത്തില്ല.)

## IV. ശ്രദ്ധ ക്ഷണിക്കൽ

(1) ദേശീയ സമ്പാദ്യപദ്ധതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ മഹിളാ പ്രധാൻ ഏജന്റുമാരെ നിയമിക്കുന്നതിനും വനിതകളുടെ തൊഴിൽ ഉറപ്പുവരുത്തുന്നതിനും നിലവിലുള്ളവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി മറുപടി നൽകുകയും ചെയ്തു.

(2)കേരള ക്ഷീര കർഷക ക്ഷേമനിധി ഓർഡിനൻസിലെ അപാകതകൾ പരിഹരിച്ച് നിയമമാക്കേണ്ടതിന്റെ ആവശ്യകത യിലേക്ക് ശ്രീ. മാങ്കോട് രാധാകൃഷ്ണൻ ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രിയുടെ ശ്രദ്ധക്ഷണി ക്കുകയും മന്ത്രി മറുപടി നൽകുകയും ചെയ്തു.

## V. സബ്മിഷൻ

(1) വടകര താലൂക്കിലെ അഴിയൂർ പഞ്ചായത്തിലെ ശ്രീദേവൻ ബീഹാറിൽ കൊലചെയ്യപ്പെട്ടത് സംബന്ധിച്ച് ശ്രീ. എം. കെ. പ്രേംനാഥ് ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി

(2) കിളിമാനൂരിൽ സുനിൽകുമാർ എന്ന യുവാവിന്റെ കൊലപാതകം സംബന്ധിച്ച് ശ്രീ. എൻ. രാജൻ ഉന്നയിച്ച

സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി

(3) പീഡനത്തിനിരയായ കോട്ടയം എസ്.എം.ഇ. യിലെ ബി.എസ്.സി. നെഴ്സിംഗ് വിദ്യാർത്ഥിനിയെ ബ്രെയിൻമാപ്പിംഗ്, പോളിഗ്രാഫ് പരിശോധനയ്ക്ക് വിധേയമാക്കണമെന്ന ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ നൽകേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. വി. എൻ. വാസവൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി

(ശ്രീ. പി. സി. ജോർജും ഇതേ വിഷയം ഉന്നയിച്ചു.)

.

(4) കൃഷി വകുപ്പിന്റെ കീഴിൽ ആലത്തൂരിൽ പണി പൂർത്തീകരിച്ച് കിടക്കുന്ന മോഡേൺ റൈസ്മിൽ തുറന്ന് പ്രവർത്തിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സംബന്ധിച്ച് ശ്രീ. എം. ചന്ദ്രൻ ഉന്നയിച്ച സബ്മിഷന് കൃഷി വകുപ്പുമന്ത്രി മറുപടി നൽകി.

(5) ശമ്പള പരിഷ്ക്കരണ റിപ്പോർട്ടിലെ അവ്യക്തതമൂലം സർവ്വീസ് പെൻഷനേഴ്സിനുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച സബ്മിഷന് ധനകാര്യ വകുപ്പുമന്ത്രി മറുപടി നൽകി.

(6) അഞ്ചുവർഷമായി അടഞ്ഞുകിടക്കുന്ന പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ് തുറന്ന് പ്രവർത്തിപ്പിക്കേണ്ട തിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. സാജുപോൾ ഉന്നയിച്ച സബ്മിഷന് വ്യവസായ വകുപ്പുമന്ത്രി മറുപടി നൽകി.

(7) കൊയിലാണ്ടി ഫിഷിംഗ് ഹാർബർ നിർമ്മാണം സംബന്ധിച്ച് ശ്രീ. പി. വിശ്വൻ ഉന്നയിച്ച സബ്മിഷന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി മറുപടി നൽകി.

(8) താനൂർ മണ്ഡലത്തിലെ ഓസാൻ കടപ്പുറത്ത് ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നത് സംബന്ധിച്ച് ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി ഉന്നയിച്ച സബ്മിഷന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി മറുപടി നൽകി.

(9) കൊച്ചിനഗരത്തിലെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ പ്രതിസന്ധിയിലായത് സംബന്ധിച്ച് പ്രൊഫ.കെ.വി. തോമസ് ഉന്നയിച്ച സബ്മിഷന് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി മറുപടി നൽകി.

## VI മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ നാലാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

(സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന ബില്ലുകളുടെ മലയാളം കോപ്പികൾ ലഭ്യമാക്കണമെന്ന് ശ്രീ. സി. പി. മുഹമ്മദ് ഉന്നയിച്ചതിന് എത്രയുംപെട്ടെന്ന് ബന്ധപ്പെട്ട ബില്ലുകളുടെ മലയാളം കോപ്പി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്ത വിഷയം സംബന്ധിച്ച് പത്രസമ്മേളനം നടത്തിയത് പരിശോധിക്കണമെന്ന് ശ്രീ. കെ. ബി. ഗണേഷ് കുമാർ ഉന്നയിച്ചതിന്, ഇക്കാര്യം പരിശോധിച്ച് മറുപടി പറയാമെന്നും ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.)

## VII <u>ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുളള ചർച്ച (തുടർച്ച)</u>

നന്ദി പ്രമേയത്തിൻമേലുളള ചർച്ചയിൽ പങ്കെടുത്തു കൊണ്ട് സർവ്വശ്രീ ബി. ബാബു പ്രസാദ്, എം. ചന്ദ്രൻ, എം. ഉമ്മർ, ബാബുപോൾ, കെ. എം. മാണി, എം. കെ. പ്രേംനാഥ്, ടി. യു. കുരുവിള, കെ. കെ. ഷാജു, സി. കെ. സദാശിവൻ, രാമചന്ദ്രൻ കടന്നപ്പളളി, പി.വിശ്വൻ, വി.ശശികുമാർ, അൽഫോൺസ് കണ്ണന്താനം, കെ. സുധാകരൻ, വി. ശിവൻകുട്ടി, രാജാജി മാത്യൂ തോമസ്, വി. എൻ. വാസവൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീമതി പി. അയിഷാ പോറ്റി. എന്നീ അംഗങ്ങൾ സംസാരിച്ചു.

2006 ജൂൺ 21-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.35-ന് പിരിഞ്ഞു.